(ബി) ഈ ഫോർമുല അംഗീകരിച്ചുകൊണ്ട് പ്രത്യേകിച്ച് നിർദ്ദേശങ്ങളൊന്നും ഗവൺമെന്റ് നൽകിയിട്ടില്ല. ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഏറെക്കുറെ ശരിയാണ്. ഇത് തിരുത്താനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

സ്വകാര്യ ബസ്സ് ജീവനക്കാർക്ക് ഫെയർ വേജസ്

*461 [491] ശ്രീ. വി. കേശവൻ:

,, ഒ. ഭരതൻ:

,, കെ. പുരുഷോത്തമൻ:

,, കെ. പി. അരവിന്ദാക്ഷൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ബസ്സ് ജീവനക്കാർക്ക് ഫെയർ വേജസ് നടപ്പിലാക്കിയിട്ട് എത്രവർഷക്കാലമായി;

(ബി) ഫെയർ വേജസ് പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഫെയർ വേജസ് പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 15 വർഷമായി.

(ബി) സ്വകാര്യ ബസ്സ് ജീവനക്കാരുടെ വേതന ഘടന പുതുക്കി നിശ്ചയിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 10-10-1985 മുതൽ പല പ്രാവശ്യം യോഗം കൂടുകയുണ്ടായി. ബഹു. കേരള മുഖ്യ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 14-11-1986-ൽ ഇതു സംബന്ധിച്ച ഒരു ചർച്ചയും നടക്കുകയുണ്ടായി.

(സി) 13 ട്രേഡ് യൂണിയനുകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്†

ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. എന്നിവയുടെ നടത്തിപ്പിൽ പ്ലാനിംഗ് കമ്മീഷന്റെ പഠന സമിതി ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകൾ

*462 [492] ശ്രീ. കെ. സി. ജോസഫ്:

,, സ്റ്റീഫൻ പാദുവ:

,, എൻ. ശക്തൻ നാടാർ:

,, ജി. കാർത്തികേയൻ:

,, എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(എ) ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. എന്നീ പരിപാടികളുടെ നടത്തിപ്പിൽ പ്ലാനിംഗ് കമ്മീഷന്റെ പഠന സമിതി പോരായ്മകളും ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ബി) ഇവ പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) പ്ലാനിംഗ് കമ്മീഷന്റെ പഠനസമിതി ഐ. ആർ. ഡി. പി. യുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തൽ നടത്തി, പോരായ്മകളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി., എന്നീ പദ്ധതികളെക്കുറിച്ച് പ്ലാനിംഗ് കമ്മീഷൻ വിലയിരുത്തലുകളൊന്നും നടത്തിയിട്ടില്ല. പ്രസ്തുത പഠന സമിതിയുടെ ഐ. ആർ. ഡി. പി. യെ സംബന്ധിക്കുന്ന വിലയിരുത്തലുകളും താഴെ പറയും പ്രകാരമാണ്.

(1) സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തതകൊണ്ട് ഐ. ആർ. ഡി. പി. സഹായം ലഭിച്ച പല കുടുംബങ്ങൾക്കും ദാരിദ്ര്യരേഖക്കു മുകളിൽ വരുവാൻ സാധിച്ചിട്ടില്ല.

(2) സ്കീമുകൾ തിരഞ്ഞെടുക്കുമ്പോൾ പ്രാദേശിക സ്വഭാവവും ആവശ്യങ്ങളും കണക്കിലെടുക്കേണ്ടതാണ്.

(3) പ്രത്യുൽപ്പാദനപരമായ കൂടുതൽ പദ്ധതികൾ സെക്കൻഡറി, ടെർഷ്യറി മേഖലകളിൽ തിരഞ്ഞെടുത്ത് നടപ്പിൽ വരുത്തേണ്ടതാണ്.

(ബി) അപാകതകൾ പരിഹരിക്കുന്നതിന്റെ ആദ്യപടിയായി സംസ്ഥാനാടിസ്ഥാനത്തിൽ സമഗ്രമായ ഒരു സർവ്വേ നടത്തി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത കൊണ്ട് ദാരിദ്ര്യരേഖക്കു മുകളിൽ വരാൻ കഴിയാത്ത കുടുംബങ്ങൾക്ക് രണ്ടാം വട്ടവും ധനസഹായം നൽകിവരുന്നുണ്ട്. പ്രാദേശിക സ്വഭാവവും ആവശ്യവും കണക്കിലെടുത്ത് ഐ. ആർ. ഡി. പി. സ്കീമുകൾ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ആർ. ടി. എ. ബോർഡുകൾ

* 463 [493] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ. ടി. എ. ബോർഡുകൾ എന്നാണ് പുനഃസംഘടിപ്പിച്ചത്;

(ബി) ആർ. ടി. എ. ബോർഡുകളുടെ കാലാവധി എത്ര വർഷമാണ്;

(സി) ആർ. ടി. എ. ബോർഡുകളിലെ അനൗദ്യോഗിക അംഗങ്ങളെ ബോർഡിൽനിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ബോർഡ് പുനഃസംഘടിപ്പിക്കാതെ അനൗദ്യോഗിക അംഗങ്ങളെമാത്രം ഒഴിവാക്കുന്നതിനു കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly